സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

<u>സംഗ്രഹം</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകുന്നത് സംബന്ധിച്ച് - ശ്രീ.മധു.എസ് ബഹു:ഹൈക്കോടതിയിൽ WP(c).7802/2016(A) നമ്പറായി ഫയൽ ചെയ്ത കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി.13693/21/മിസ്-എ/എസ്റ്റ-എ നന്തൻകോട്: 22/01/2022

---

സൂചനഃ-

1. WP(c).7802/2016(A) നമ്പർ കേസിൽ ബഹു:ഹൈക്കോടതി 10/01/2017-ൽ പുറപ്പെടുവിച്ച വിധിന്യായം.
2. 27/08/2020-ൽ ROC.245/09/Est 1 നമ്പറായി റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും നൽകിയ കത്ത്.
3. 17/02/2021 -ലെ സ.ഉ (സാധ) നം.784/2021/റവ.
4. 22/09/2021.-ലെ സ.ഉ (എം.എസ്) 181/2021/ആർ.ഡി.
5. 29/09/2021-ലെ ROC.245/09/Est 1 നമ്പർ ബോർഡ് ഉത്തരവ്.
6. 25/12/2021-ലെ മേൽ നമ്പർ സർക്കുലർ.
7. 28/12/2021-ലെ മേൽ നമ്പർ സർക്കുലർ.
8. 26/11/2021-ലെ ROC.245/09/Est 1 നമ്പർ ബോർഡ് ഉത്തരവ്.
9. 20/12/2021-ലെ ROC.245/09/Est 1 നമ്പർ ബോർഡ് ഉത്തരവ്.
10. 17/01/2022-ൽ ബോർഡിന് സമർപ്പിച്ച മേൽ നമ്പർ റിപ്പോർട്ട്.
11. 22/01/2022-ലെ ROC.12530/21/Est 2 നമ്പർ ബോർഡ് ഉത്തരവ്.
12. 22/01/2022-ലെ മേൽ നമ്പർ സർക്കുലർ.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകുവാൻ സാധിക്കുന്ന തസ്തികകൾ കണ്ടെത്തുന്നതിനും, ഭിന്നശേഷി ക്കാരുടെ അവകാശ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ടി തസ്തികകളിൽ നിയമനം നടത്തുന്നതിനും, കണ്ടെത്തിയ തസ്തികകളിൽ ബൈട്രാൻസ്ഫർ/ പ്രൊമോഷൻ നിയമന രീതി ഉള്ള പക്ഷം ഭിന്നശേഷിക്കാരായ ജീവനക്കാരെയും നിയമനത്തിന് പരിഗണിക്കുന്നതിനും നിർദ്ദേശിച്ച് ബഹു:ഹൈക്കോടതി സൂചന (1) വിധിന്യായം പുറപ്പെടുവിച്ചു.

ആയതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകുവാൻ സാധിക്കുന്ന തസ്തികകൾ കണ്ടെത്തിയും, ടി തസ്തികകളിൽ നിയമനം നടത്തുന്നതിന് കരട് ചട്ടങ്ങൾ തയ്യാറാക്കിയും സർക്കാരിന്റെ അംഗീകാരത്തിന് ബോർഡിൽ നിന്നും സൂചന (2) ആയി കത്ത് സമർപ്പിച്ചു.

എന്നാൽ ഇതിലേയ്ക്ക് പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കേണ്ടതില്ലായെന്നും ഭിന്നശേഷിക്കാർക് അനുയോജ്യമായ തസ്തികകൾ സമുചിത സർക്കാർ കണ്ടെത്തണ മെന്നാണ് ആക്ടിലെ വ്യവസ്ഥയെന്നും അതിനാൽ ബോർഡിലെ തസ്തികകൾ കണ്ടെത്തുന്നതിന് ദേവസ്വം കമ്മീഷണർ ചെയർമാനായും റവന്യൂ(ദേവസ്വം)വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനും, അഡ്വ.പരശുവയ്ക്കൽ മോഹൻ എന്നിവർ അംഗങ്ങളായും ഉള്ള ഒരു എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. (സൂചന 3).

എക്സ്പേർട്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ചുവടെ വിവരിക്കുന്ന തസ്തികകൾ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം നൽകുന്നതിന് അനുയോജ്യമായവയാണെന്ന് കണ്ടെത്തി സർക്കാർ ഉത്തരവായി.(സൂചന 4).

എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം തസ്തികകൾ

1. ക്ലാർക്ക്/സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ
2. ആഫീസ് അറ്റൻഡന്റ്/പ്യൂൺ
3. ഓവർസീയർ ഗ്രേഡ്-3

ക്ഷേത്ര ജീവനക്കാരുടെ തസ്തികകൾ

1. പാർട്ട്ടൈം തളി
2. പാർട്ട്ടൈം കഴകം

സൂചന (4) ഉത്തരവിൽ കണ്ടെത്തിയിട്ടുള്ള ബോർഡിലെ തസ്തികകളിൽ ബൈട്രാൻസ്ഫർ/പ്രൊമോഷൻ നിയമനം നൽകുന്നതിന് നിശ്ചിത ക്വാട്ട നീക്കിവച്ചിട്ടുള്ള തസ്തികകളിലെ 4% ഒഴിവുകളിൽ **Right of person with Disability Act, 2016**-ലെ 34-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കി നിയമനം നൽകുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി സൂചന (5) ആയി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു.

മേൽ വിവരിച്ച തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി സൂചന (9) പ്രകാരം ചുവടെ വിവരിക്കുന്ന എ മുതൽ സി വരെയുള്ളവയിൽ ഉൾപ്പെട്ട 40%-ൽ കുറയാത്ത പ്രത്യേക വൈകല്യമുള്ള ജീവനക്കാരുടെ അപേക്ഷ ക്ഷണിച്ചു കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചു.(സൂചന 6)

(എ) അന്ധതയും കാഴ്ചക്കുറവും

(ബി) ബധിരതയും കേൾവിക്കുറവും

(സി) സെറിബ്രൽ പാൾസി, ഭേദമായ കുഷ്ഠരോഗം, വാമനത്വം, ആസിഡ് ആക്രമണത്തിലെ ഇരകൾ, പേശീ വൈകല്യമുള്ള വ്യക്തികൾ എന്നിവ ഉൾപ്പെടെയുള്ള വൈകല്യം.

തുടർന്ന് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റും, മറ്റ് സർട്ടിഫിക്കറ്റുകളും അപേക്ഷകരെ നേരിൽ വരുത്തി പരിശോധിച്ചു.

സൂചന (7) ആയി കാറ്റഗറി തിരിച്ച് കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും, ആയതിൻ പ്രകാരം ലഭിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് നിയമാനുസൃതം പരിഗണിക്കുവാൻ സാധിക്കുന്നത് പരിഹരിച്ച് അന്തിമ സീനിയോറിറ്റി ലിസ്റ്റ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു .(സൂചന 10)

സൂചന (11) ആയി അന്തിമ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ച് ലഭിക്കുകയും, ആയത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.(സൂചന 12)

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് നിയനം നൽകുവാൻ സാധിക്കുന്ന ബോർഡിലെ തസ്തികകൾ കണ്ടെത്തിയിട്ടുള്ളത് സൂചന (4) പ്രകാരമായതിനാൽ ടി ഉത്തരവ് തീയതിയായ **22/09/2021** മുതൽക്കുള്ള ഒഴിവുകളിലേയ്ക്ക് സൂചന (5)-ന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ച് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു.(സൂചന 8)

ഈ സാഹചര്യത്തിൽ, അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്കും, ടി വിഷയത്തിൽ ബഹു:ഹൈക്കോടതിയിൽ **WP(c).7802/2016(A)** നമ്പർ ആയി കേസ് ഫയൽ ചെയ്ത ശ്രീ.എസ്.മധുവിനും നിർദ്ദിഷ്ട ശതമാന അനുസൃതം ടിയാളുകളുടെ ഊഴം എത്തുന്ന മുറയ്ക്ക് യഥാസമയം നിയമനം നൽകുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു.

ഇപ്രകാരം സൂചന (1) വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ലാ ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ലെയ്സൺ ഓഫീസർ, എറണാകുളം
4. ശ്രീ.എസ്.മധു, വാച്ചർ, കാമപുരം ദേവസ്വം, തകഴി സബ്ഗ്രൂപ്പ്, അമ്പലപ്പുഴ ഗ്രൂപ്പ്(അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
5. ഇ.ഡി.പി സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫെയർ ഓഫീസ് കോപ്പി.

for ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.22/01

Assistant Devaswam Commissioner
Estt: Matters
Devaswam Commissioner's Office
Thiruvananthapuram